**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** **14-10-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വിൽപനശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വിൽപനശാലകൾ കാലാനുസൃതമായി നവീകരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സപ്ലൈകോ വിൽപ്പനശാലകൾ കാലാനുസൃതമായി നവീകരിക്കുവാൻ സർക്കാർ എല്ലാ വർഷവും സപ്ലൈകോയ്ക്ക് ബജറ്റിൽ തുക നീക്കി വയ്ക്കാറുണ്ട്. സപ്ലൈകോ വിൽപ്പനശാല നവീകരണത്തിന് പ്ലാൻ ഫണ്ടിൽ 6.15 കോടി രൂപയും ഇ.ആർ.പി.-യ്ക്ക് 3.85 കോടി രൂപയും ചേർത്ത് ആകെ 10 കോടി രൂപ നടപ്പ സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.<br><br>പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിലവിലെ മാവേലി സ്റ്റോറുകൾ, വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിന് സപ്ലൈകോ ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവില്ല എന്നത് ഉറപ്പ വരുത്തിയും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിക്കൊണ്ട് മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നു. കൂടാതെ കുറഞ്ഞത് 1000 ച.അടി സ്ഥല സൗകര്യം ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ ആധുനികമായ ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തി സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 2021 മുതൽ 78 സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും 27 വിൽപ്പനശാലകൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സപ്ലൈകോ വിൽപ്പനശാലകളിൽ 2023 മുതൽ ബില്ലിംഗിനും സ്റ്റോക്ക് കൈകാര്യം ചെയ്യുന്നതിനുമായി ഇ.ആർ.പി (എൻറർപ്രൈസ് റിസോഴ്സ് പ്ലാനിങ്ങ്) സോഫ്റ്റ് വെയർ ഉപയോഗിച്ചു വരുന്നുണ്ട്.<br><br>വിപണിയിടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള 1640- ൽ പരം ഔട്ട് ലെറ്റുകളെയും, 56 ഡിപ്പോകളെയും 5 മേഖല ഓഫീസുകളെയും കമ്പ്യൂട്ടർ വഴി ബന്ധിപ്പിച്ചു കൊണ്ട് ഇ.ആർ.പി പദ്ധതി വിജയകരമായി പൂർത്തിയായി വരുന്നു. |
| (ബി) | സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ പ്രതിദിന വിൽപ്പനയിലുണ്ടാക്കിയ പുരോഗതി വിശദമാക്കുമോ; | (ബി) | സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ സപ്ലൈകോയിലെ പ്രതിദിന വിൽപ്പനയിൽ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. 13 ഇനം സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ സപ്ലൈകോയ്ക്ക് തുക അനുവദിച്ചതിനുശേഷം വിൽപ്പനയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിലെ ആകെ വിറ്റുവരവ് 2024 മാർച്ച് മാസത്തിൽ 74.34 കോടി രൂപ മാത്രമായിരുന്നത് ക്രമമായി വർദ്ധിച്ച് 2024 സെപ്തംബർ മാസത്തിൽ ആകെ 163.71 കോടി രൂപയായിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികൾ ഉത്സവ കാലങ്ങളിലെ വിലക്കയറ്റം പിടിച്ചു നിർത്താൻ ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; ജില്ലാ-താലൂക്ക് എന്നീ തലങ്ങളിലുള്ള സ്പെഷ്യൽ മാർക്കറ്റുകൾ എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് വിശദമാക്കുമോ; | (സി) | ഓണക്കാലത്ത് 14 ജില്ലകളിൽ സപ്ലൈകോ ഓണം ജില്ലാ ഫെയറുകൾ നടത്തി. കൂടാതെ 140 നിയമസഭാ മണ്ഡലങ്ങളിലും പ്രമുഖ വിൽപ്പനശാലയോട് അനുബന്ധിച്ച് ഓണം ഫെയറുകൾ സംഘടിപ്പിച്ചിരുന്നു.<br><br>സബ്സിഡി ഇനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങളുടെ മതിയായ സ്റ്റോക്ക് എല്ലാ ഫെയറുകളിലും സപ്ലൈകോ വിൽപ്പനശാലകളിലും ലഭ്യമാക്കി. പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും പ്രമുഖ ജനപ്രിയ ബ്രാൻഡുകളിലുള്ള എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും ലഭ്യമാക്കി. ശബരി ഉൽപ്പന്നങ്ങൾ 15% മുതൽ 35% വരെ വിലക്കുറവിലും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന |

| | | | |
|---|---|---|---|
| | | | ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ ശരാശരി 25% മുതൽ 35% വരെ വിലക്കുറവിൽ) ലഭ്യമാക്കുന്നുണ്ട്.<br><br>ഇതിന് പുറമേ മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, ഹോർട്ടികോർപ്പ്, മിൽമ തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു. സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രമുഖ ബ്രാൻഡുകളുടെ ഇരുന്നൂറോളം എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടുകൾ നൽകിയിരുന്നു. കൂടാതെ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള വിൽപ്പനശാലകൾ വഴി സെപ്റ്റംബർ 6-ാം തീയതി മുതൽ 14-ാം തീയതി വരെ ഉച്ചയ്ക്ക് ശേഷം രണ്ട് മണി മുതൽ 4 മണി വരെ വിൽപ്പന നടത്തിയ ശബരി, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്കും 10 മുതൽ 50 ശതമാനം വരെ അധിക ഡിസ്കൗണ്ടും നൽകിയിരുന്നു. നിലവിൽ നൽകി വരുന്ന എല്ലാ ഡിസ്കൗണ്ടുകൾക്കും പുറമേയാണിത്.<br><br>സപ്ലൈകോ ഓണം ഫെയറുകൾ സംഘടിപ്പിച്ച 2024 സെപ്റ്റംബർ 5 മുതൽ 14 വരെയുള്ള കാലയളവിൽ ഏകദേശം 19.32 ലക്ഷത്തോളം കാർഡുടമകൾക്ക് സപ്ലൈകോ ഫെയറുകളും വിൽപ്പനശാലകളും വഴി സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നൽകിയിട്ടുണ്ട്. ആകെ 21 ലക്ഷത്തോളം ആളുകൾ ഇക്കാലയളവിൽ സപ്ലൈകോ വിൽപ്പനശാലകളിൽനിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.<br><br>സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതു വഴി വൻകിട വ്യാപാര സ്ഥാപനങ്ങൾ അമിത വില ഈടാക്കി പൊതുജനങ്ങളെ ചൂഷണം ചെയ്യുന്നത് തടയുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ അനഭിലഷണീയമായ പ്രവണതകൾക്ക് തടയിടാനും ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സബ്സിഡി സാധനങ്ങളുടെ ഗുണനിലവാരവർദ്ധന, ബ്രാൻഡഡ് ഉത്പന്നങ്ങളുടെ വില്പന എന്നിവ വഴി പുതിയ വിഭാഗം ഉപഭോക്താക്കളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. വിവിധ തലങ്ങളിലുള്ള ഗുണനിലവാര പരിശോധനകളിലൂടെ സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും ഗുണ നിലവാരം പൂർണ്ണമായും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ശബരി ബ്രാൻഡിൽ പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കിയും നിലവിലുള്ള വിവിധ ശബരി ഉത്പന്നങ്ങൾക്ക് ആകർഷകമായ ഓഫർ നൽകിയും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രമുഖ ബ്രാൻഡുകളുടെ വിവിധ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് ആകർഷകമായ ഓഫറുകൾ നൽകുന്നതിലൂടെയും വിവിധ ഡിസ്കൗണ്ട് സ്കീമുകൾ നടപ്പിലാക്കിയും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കടുത്ത മത്സരം നിലനിൽക്കുന്ന റീട്ടെയിൽ രംഗത്ത് കുത്തകകൾ ഉൾപ്പെടെയുള്ള സൂപ്പർമാർക്കറ്റ് നെറ്റ്വർക്കുകളോട് മത്സരിച്ചാണ് സപ്ലൈകോ ഇത്തരത്തിലുള്ള ഓഫറുകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത്.<br><br>സപ്ലൈകോയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് 50/50 ഓഫർ സ്കീം വഴി 50 ജനപ്രിയ FMCG ഉൽപ്പന്നങ്ങൾക്ക് 50 ദിവസത്തേക്ക് ഓഫറുകൾ നൽകിയിരുന്നു. ഇതിനു പുറമേ Happy hours flash sale എന്ന പേരിൽ 2 മണി മുതൽ 3 മണി വരെ FMCG ഉൽപ്പന്നങ്ങൾക്ക് 10% അധിക വിലക്കിഴിവും നൽകിയിരുന്നു.<br><br>ഓണക്കാലത്ത് ഓഫർ നൽകിയ പല ഉൽപ്പന്നങ്ങൾക്കും നിലവിൽ പ്രസ്തുത ഓഫറുകൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ